# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.ALP-P-8/611/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 03/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP-P-8/611/2022 തീയ്യതി: 03/07/2022

## ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-02-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 09-05-2022 | 18-05-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 09-05-2022 | 18-05-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീദേവി പി, ഓഡിറ്റ് ഓഫീസർ

ശ്രീ.പുഷ്പരാജ് വി.കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (15.05.2022 വരെ)

ശ്രീമതി.ശ്രീദേവി ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ടീനു ടോം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| സുവർണ്ണ പ്രതാപൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| സജിത സതീശൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| വി.ജെ.പോൾ | സെക്രട്ടറി | 01-04-2020 | 04-01-2021 |
| ജയന്തി കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 05-01-2021 | 28-02-2021 |
| ജെനിമോൻ എസ് | സെക്രട്ടറി | 01-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജയന്തി കെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ആനി മാത്യു | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.ദീപ എൽ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| എച്ച് ഹാഷിദ് | സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |
| ഡോ. രതീഷ് ആർ | മെഡിക്കൽ ഓഫീസർ , എഫ്. എച്ച്. സി | 01-04-2020 | 31-03-2021 |
| അഞ്ജു അരുമനായകം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 20-04-2020 |
| സോന സോണി ജോസഫ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 21-04-2020 | 31-03-2021 |
| അഭിലാഷ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(വാടയ്ക്കൽ) | 01-04-2020 | 31-03-2021 |
| അനിൽകുമാർ ബി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(കളർകോട്) | 01-04-2020 | 31-03-2021 |
| നിധിൻ കെ. എം | അസിസ്റ്റന്റ് എൻജിനീയർ | 01-04-2020 | 12-04-2020 |
| അഫ്സൽ ജെ | അസിസ്റ്റന്റ് എൻജിനീയർ | 13-04-2020 | 13-05-2020 |
| കൃഷ്ണകുമാർ | അസിസ്റ്റന്റ് എൻജിനീയർ | 14-05-2020 | 22-06-2020 |
| ഷീജ എൻ | അസിസ്റ്റന്റ് എൻജിനീയർ | 23-06-2020 | 31-03-2021 |
| സബിത വി.എച്ച് | ക്ഷീര വികസന ഓഫീസർ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Pushparaj V.K (Asst. Audit Officer, On 16-05-2022)<br>Last Updated By: Rajeev R (Deputy Director, On 03-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Pushparaj V.K (Asst. Audit Officer, On 16-05-2022)<br>Last Updated By: Rajeev R (Deputy Director, On 03-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ<br>Written By: Pushparaj V.K (Asst. Audit Officer, On 16-05-2022)<br>Last Updated By: Rajeev R (Deputy Director, On 27-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Sreedevi.R (Senior Grade Auditor, On 15-05-2022)<br>Last Updated By: Rajeev R (Deputy Director, On 21-06-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Pushparaj V.K (Asst. Audit Officer, On 16-05-2022)<br>Last Updated By: Rajeev R (Deputy Director, On 21-06-2022) | 1-4 |
| 6 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ<br>Written By: Pushparaj V.K (Asst. Audit Officer, On 16-05-2022)<br>Last Updated By: Rajeev R (Deputy Director, On 20-06-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം.<br>Written By: Sreedevi.R (Senior Grade Auditor, On 15-05-2022)<br>Last Updated By: Rajeev R (Deputy Director, On 21-06-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sreedevi.R (Senior Grade Auditor, On 15-05-2022)<br>Last Updated By: Rajeev R (Deputy Director, On 21-06-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Teenu Tom (Auditor, On 15-05-2022)<br>Last Updated By: Rajeev R (Deputy Director, On 21-06-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Teenu Tom (Auditor, On 15-05-2022)<br>Last Updated By: Rajeev R (Deputy Director, On 21-06-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: P. Sreedevi (Audit Officer, On 16-05-2022)<br>Last Updated By: Rajeev R (Deputy Director, On 21-06-2022) | 1-9 |
| 12 | ഡി & ഒ ലൈസൻസ് പരിശോധന- അപാകതകൾ<br>Written By: Teenu Tom (Auditor, On 18-05-2022)<br>Last Updated By: Rajeev R (Deputy Director, On 21-06-2022) | 1-10 |
| 13 | കരാറുകാരനിൽ നിന്നും നിയമാനുസൃത ഫൈൻ ഈടാക്കിയില്ല<br>Written By: P. Sreedevi (Audit Officer, On 18-05-2022)<br>Last Updated By: Rajeev R (Deputy Director, On 21-06-2022) | 1-11 |
| 14 | പ്രവർത്തന രഹിതമായ ടാപ്പുകളുടെ വാട്ടർചാർജ് ഒഴിവാക്കാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ല.<br>Written By: Sreedevi.R (Senior Grade Auditor, On 19-05-2022)<br>Last Updated By: Rajeev R (Deputy Director, On 21-06-2022) | 1-12 |
| 15 | പത്രപ്പരസ്യം- അർഹമായ ഡിസ്കൗണ്ട് അനുവദിക്കാത്തത് സംബന്ധിച്ച്.<br>Written By: Pushparaj V.K (Asst. Audit Officer, On 16-05-2022)<br>Last Updated By: Rajeev R (Deputy Director, On 21-06-2022) | 1-13 |
| 16 | പാലിന് സബ്സിഡി - സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല<br>Written By: Sreedevi.R (Senior Grade Auditor, On 19-05-2022)<br>Last Updated By: Rajeev R (Deputy Director, On 27-06-2022) | 1-14 |
| 17 | ഐ.കെ.എം വിഹിതം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് | 1-15 |

| | | |
|---|---|---|
| | സംബന്ധിച്ച്.<br>Written By: Pushparaj V.K (Asst. Audit Officer, On 16-05-2022)<br>Last Updated By: Rajeev R (Deputy Director, On 20-06-2022) | |
| 18 | സാമൂഹ്യ ക്ഷേമ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല<br>Written By: Teenu Tom (Auditor, On 18-05-2022)<br>Last Updated By: Rajeev R (Deputy Director, On 21-06-2022) | 1-16 |
| 19 | അങ്കണവാടി അനുപൂരക പോഷകാഹാരപദ്ധതി- ന്യൂട്രിമിക്സ് സാമ്പിളുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നില്ല.<br>Written By: Sreedevi.R (Senior Grade Auditor, On 19-05-2022)<br>Last Updated By: Rajeev R (Deputy Director, On 20-06-2022) | 1-17 |
| 20 | കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ.<br>Written By: P. Sreedevi (Audit Officer, On 18-05-2022)<br>Last Updated By: Rajeev R (Deputy Director, On 20-06-2022) | 1-19 |
| 21 | മെറ്റീരിയൽസ് സപ്ളൈ ചെയ്ത കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല.കേന്ദ്രസർക്കാരിനു നഷ്ടം<br>Written By: P. Sreedevi (Audit Officer, On 18-05-2022)<br>Last Updated By: Rajeev R (Deputy Director, On 27-06-2022) | 1-20 |
| 22 | കരാറുകാരനിൽ നിന്നും നിയമാനുസൃത ഫൈൻ ഈടാക്കൽ-ഓഡിറ്റ് ഇംപാക്ട്<br>Written By: P. Sreedevi (Audit Officer, On 18-05-2022)<br>Last Updated By: Rajeev R (Deputy Director, On 20-06-2022) | 1-21 |
| 23 | രസീത് പരിശോധന- കളക്ഷൻതുകയിലെ കുറവ് തിരികെ അടച്ചു, ഓഡിറ്റ് ഇംപാക്റ്റ്<br>Written By: Teenu Tom (Auditor, On 18-05-2022)<br>Last Updated By: Rajeev R (Deputy Director, On 20-06-2022) | 1-22 |
| 24 | തൊഴിൽ നികുതി പരിശോധന- ഓഡിറ്റ് ഇംപാക്റ്റ്<br>Written By: Teenu Tom (Auditor, On 18-05-2022)<br>Last Updated By: Rajeev R (Deputy Director, On 20-06-2022) | 1-23 |
| 25 | കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളിലെ ന്യൂനതകൾ<br>Written By: Sreedevi.R (Senior Grade Auditor, On 19-05-2022)<br>Last Updated By: Rajeev R (Deputy Director, On 20-06-2022) | 1-24 |
| 26 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം - അവലോകനം<br>Written By: Sreedevi.R (Senior Grade Auditor, On 19-05-2022)<br>Last Updated By: Rajeev R (Deputy Director, On 20-06-2022) | 1-25 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | പത്രപ്പരസ്യം- അർഹമായ ഡിസ്കൗണ്ട് അനുവദിച്ചില്ല.<br>Written By: P. Sreedevi (Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 20-06-2022) | 3-1 |
| 2 | കരാറുകാരനിൽ നിന്നും നിയമാനുസൃത ഫൈൻ ഈടാക്കിയില്ല<br>Written By: P. Sreedevi (Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 20-06-2022) | 3-2 |
| 3 | മെറ്റീരിയൽസ് സപ്ളൈ ചെയ്ത കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല.കേന്ദ്രസർക്കാരിനു നഷ്ടം.<br>Written By: P. Sreedevi (Audit Officer, On 20-05-2022)<br>Last Updated By: Rajeev R (Deputy Director, On 27-06-2022) | 3-3 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sreedevi.R (Senior Grade Auditor, On 15-05-2022)<br>Last Updated By: Rajeev R (Deputy Director, On 20-06-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Sreedevi.R (Senior Grade Auditor, On 15-05-2022) | 4-2 |

| | | |
|---|---|---|
| | Last Updated By: Rajeev R (Deputy Director, On 20-06-2022) | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Sreedevi.R (Senior Grade Auditor, On 15-05-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 15-05-2022) | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Sreedevi.R (Senior Grade Auditor, On 15-05-2022)<br>Last Updated By: Rajeev R (Deputy Director, On 21-06-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Sreedevi.R (Senior Grade Auditor, On 15-05-2022)<br>Last Updated By: Rajeev R (Deputy Director, On 21-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Sreedevi.R (Senior Grade Auditor, On 15-05-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 15-05-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Sreedevi.R (Senior Grade Auditor, On 15-05-2022)<br>Last Updated By: Sreedevi.R (Senior Grade Auditor, On 15-05-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Sreedevi.R (Senior Grade Auditor, On 15-05-2022)<br>Last Updated By: Rajeev R (Deputy Director, On 21-06-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sreedevi.R (Senior Grade Auditor, On 15-05-2022)<br>Last Updated By: Rajeev R (Deputy Director, On 27-06-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Sreedevi.R (Senior Grade Auditor, On 13-05-2022)<br>Last Updated By: P. Sreedevi (Audit Officer, On 20-05-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്തിന്റെ 19.03.2020തീയതിയിലെ 1/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച. 18.02.2021-ലെ 1/1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

പരിഷ്കരിച്ച ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബഡ്ജറ്റ് പ്രകാരം | 265618032 | 260642620 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെണ്ടീച്ചർ പത്രിക) | 167286540 | 176654628 |

പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്തിന്റെ 2020-21-ലെ ബജറ്റ് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെപ്പറയുന്നു.

1.തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

2.ബജറ്റിന്റെ അവലോകനം നടത്തുന്നില്ല.

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

3.ബജറ്റിൽ തുക വകയിരുത്താതെ/വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ് നടത്തി ചെലവ്

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(6), ബജറ്റ് മാന്വലിലെ ഖണ്ഡിക 4.1 എന്നിവ അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുള്ളതായ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവാക്കാൻ പാടില്ലാത്തതാകുന്നു. എന്നാൽ പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്തിൽ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതും/മതിയായ തുക ഉൾപ്പെടുത്താത്തതുമായ ഇനങ്ങൾക്ക് തുക ചെലവഴിച്ചതായി കണ്ടു.

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർഥ ചെലവ് (RP Statement പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|
| 1. | 2201002 | Rates | 0 | 431 | തുക വകയിരുത്തിയിട്ടില്ല |
| 2 | 2202001 | Books & Periodicals | 10000 | 11440 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 3 | 2304001 | Hire Charges | 5000 | 11050 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 4 | 2407001 | Bank Charges | 500 | 660 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 5 | 2501002 | Agriculture & Related Sectors-Other Crops | 600000 | 821351 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 6 | 2501003 | Agriculture Development Programs | 0 | 13600 | തുക വകയിരുത്തിയിട്ടില്ല |
| 7 | 2501026 | Agriculture & Related Sectors – Agriculture Related Facilities | 0 | 609354 | തുക വകയിരുത്തിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 8 | 2501039 | Animal Husbandry - Infrastructure | 50000 | 133704 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 9 | 2501046 | Dairy Development - Storage & Marketing | 504356 | 585880 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 10 | 2510115 | Literacy Equivalence Examination | 0 | 1270875 | തുക വകയിരുത്തിയിട്ടില്ല |
| 11 | 2512001 | PHC,CHC &Other Hospitals/Dispensaries | 300000 | 670716 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 12 | 2512002 | Public Health Programs | 441696 | 474950 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 13 | 2512004 | Medicines | 1537559 | 1936515 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 14 | 2513004 | Electrification | 0 | 12849 | തുക വകയിരുത്തിയിട്ടില്ല |
| 15 | 2513008 | Total Poverty Alleviation Programs | 50000000 | 57264138 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 16 | 2522001 | Roads | | 129202 | തുക വകയിരുത്തിയിട്ടില്ല |
| 17 | 2522007 | Vehicles | 0 | 2210 | തുക വകയിരുത്തിയിട്ടില്ല |
| 18 | 2522012 | Other Programs In Infrastructure Sector | | 7390180 | തുക വകയിരുത്തിയിട്ടില്ല |
| 19 | 2531006 | Asraya Projects For Rehabilitation Of Destitute | | 1329709 | തുക വകയിരുത്തിയിട്ടില്ല |
| 20 | 2531014 | Payments To Drinking Water | 1129000 | 1639600 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 21 | 2552017 | Maintenance Projects -Non Road Assets -Other Transferred Assets | | 985192 | തുക വകയിരുത്തിയിട്ടില്ല |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/16.05.2022) കോവിഡുമായി ബന്ധപ്പെട്ട അധിക ജോലിമൂലം ബജറ്റ് പോലുള്ള കാര്യങ്ങളിൽ കൃത്യമായ ശ്രദ്ധ കൊടുക്കുന്നതിന് സാധിച്ചില്ലായെന്ന് അറിയിച്ചു. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാവാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2021 | 30.04.2021 |

## 1-2-1 വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ

പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്തിന്റെ 2020-21-ലെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1.ട്രഷറി മങ്കൊമ്പ് എസ്.റ്റി.എസ്.ബി ജോയന്റ് വെഞ്ചർ എന്ന അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Cheques Issued But Not Presented Into Bank എന്നതിനു കീഴെ ഉൾപ്പെടുത്തിയിരിക്കുന്ന താഴെപ്പറയുന്ന ചെക്ക് കാലാവധിക്കുള്ളിൽ(3 മാസം) മാറിയിട്ടില്ലായെന്ന് കാണുന്നു.

ചെക്ക് നം.119104 തീ.16.06.2020 തുക 2315/- രൂപ

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത

ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൌണ്ടിലേയ്ക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. എന്നാൽ മേൽ ചെക്ക് അവയുടെ കാലാവധിക്കുള്ളിൽ മാറാതിരുന്നിട്ടും ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

2.വസ്തു നികുതി ഇനത്തിൽ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടുള്ള തുകകളും സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള ഡി.സി.ബി സ്റ്റേറ്റ്മെന്റും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3.വാർഷിക കണക്ക് പ്രകാരമുള്ള ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ വരവ് ചെലവു കണക്കുകളും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിൽ നിന്നും ലഭ്യമാക്കിയ ഇ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും പൊരുത്തപ്പെടുന്നില്ല.

ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-6 പ്രകാരമുള്ള ചെലവിനായുള്ള വരവ്- 57264138/-രൂപ

എൻ.ആർ.ഇ.ജി.എസ് വിഭാഗത്തിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ ചെലവ്-56864000/-രൂപ

4.ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-14(e)-ൽ Maintenance Projects- Road Assets -Cement Concrete എന്നയിനത്തിൽ നെഗറ്റീവ് തുക (-296478) ഉൾപ്പെട്ടു വന്നിരിക്കുന്നു.

5.ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-14-ൽ Literacy Equivelance Examination എന്നയിനത്തിൽ 1270875/-രൂപ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ തൻവർഷം ഇപ്രകാരം ഒരു പദ്ധതി പഞ്ചായത്ത് ഏറ്റെടുത്തതായി കാണുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 21248786 |
| വരവ് | 82415582 |
| ആകെ | 103664368 |
| ചെലവ് | 83672064 |
| നീക്കിയിരിപ്പ് | 19992304 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം | 7862 |
| തടസ്സപ്പെടുത്തിയ തുക | 110581 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി.ആർ പ്രകാരം) | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 19863126 | 19863126 | 2806874 | 16353622 | 3509504 (ലാപ്സായി) |
| വികസന ഫണ്ട് (എസ്.സി.പി.) | | 3107862 | 3107862 | 73138 | 1781692 | 1326170 (ലാപ്സായി) |
| വികസന ഫണ്ട് (റ്റി.എസ്.പി) | | 158000 | 158000 | - | - | 158000 (ലാപ്സായി) |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | | 6549000 | 6549000 | | 6549000 | -- |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | | 4724724 | 4724724 | 48276 | 4089859 | 634865 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ | | 6500000 | 6500000 | | 2329265 | 4170735 (ലാപ്സായി) |

| | | | | | |
|---|---|---|---|---|---|
| അവാർഡ് (ടൈഡ്) | | | | | |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് (അൺടൈഡ്) | 12162357 | 12162357 | | 6771812 | 5390545 (ലാപ്സായി) |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ

ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

1. ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് ജനറലിൽ വരവ് രേഖപ്പെടുത്തിയിരിക്കുന്നത് വിവിധ ഇനങ്ങളിൽ ശ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (2806874/-രൂപ) കഴിച്ചുള്ള തുകയാണ്. തന്മൂലം വരവ്, നീക്കിബാക്കി എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | 0 | 19863126 | 19863126 | 19160496 | 702630 |
| യഥാർത്ഥ തുക | 0 | 22670000 | 22670000 | 19160496 | 3509504 |

2.ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് എസ്.സി.പി വരവ് രേഖപ്പെടുത്തിയിരിക്കുന്നത് വിവിധ ഇനങ്ങളിൽ ശ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് (73138/-രൂപ) കഴിച്ചുള്ള തുകയാണ്. തന്മൂലം വരവ്, നീക്കിബാക്കി എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം | | 3107862 | 3107862 | 1854830 | 1253032 |
| യഥാർത്ഥ തുക | | 3181000 | 3181000 | 1854830 | 1326170 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 139 | 126531374 | 98 | 57573205 | 19 | 41 | 79 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3076 | 1808432 | 1811508 | 1809729 | 1779 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 55454409 | 55454409 | 55454409 | 0 |
| | 3076 | 57262841 | 57265917 | 57264138 | 1779 |

## 1-7 ക്ഷേമ പദ്ധതികൾ

ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 45120 | 65 |
| കർഷകതൊഴിലാളി പെൻഷൻ | 9923400 | 682 |
| വിധവാ പെൻഷൻ | 11891300 | 823 |
| വാർദ്ധക്യകാല പെൻഷൻ | 21666900 | 1601 |
| വികലാംഗ പെൻഷൻ | 5607500 | 381 |
| അവിവാഹിത പെൻഷൻ | 1636800 | 106 |

| | | |
|---|---|---|
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 240000 | 8 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.05.2022 3 Pm ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 10341/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. ഗ്രാമപഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. പല ഗ്രൂപ്പുകളും ഒറ്റത്തവണ മാത്രമാണ് കൂടിയിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല. ടി അപാകതകൾ പരിഹരിക്കേണ്ടതാണ്.

3. നിലവിൽ 2018 വരെ മാത്രമാണ് പഞ്ചായത്തിന്റെ ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടുള്ളത്. .

കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

4.വാട്ടർ അതോറിട്ടിയുമായി സംയുക്തപരിശോധന നടത്താത്തതിനാൽ പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾക്കു കുടി വെള്ളക്കരം ഒടുക്കുന്നുണ്ട് എന്നു വ്യക്തമാണ്. ആകെയുള്ള 17 വാർഡുകളിൽ 12 എണ്ണത്തിൽ സംയുക്തപരിശോധന നടത്തിയപ്പോൾ തന്നെ ആകെ 280 ടാപ്പുകൾ മാത്രമാണ് കണ്ടെത്തിയത്. ഇതിൽ പല ടാപ്പുകളും പ്രവർത്തനക്ഷമമല്ലാത്തതായിരുന്നു എന്ന് ടാപ്പുകളുടെ ലിസ്റ്റ് ഹാജരാക്കിയതിൽ നിന്നും വ്യക്തമാകുന്നു. വെള്ളക്കരം കുടിശ്ശികയിൽ കുറവു വരുത്താൻ വാട്ടർ അതോറിറ്റിയുമായി സർക്കാർ മുഖേന സെറ്റിൽമെന്റിന് ശ്രമിക്കേണ്ടതും, വാട്ടർ അതോറിറ്റിയുമായിച്ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തിക്കാത്ത ടാപ്പുകൾ ഒഴിവാക്കി വെള്ളക്കരം ക്രമീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.
4. ബാലൻസ് ഷീറ്റ് B9 ഷെഡ്യൂളിൽ എംപ്ലോയീ ലയബിലിറ്റീസ് - പെൻഷൻ കോൺട്രിബ്യൂഷൻ പേയബിൾ എന്നയിനത്തിൽ 652/- രൂപ ബാലൻസ് നിൽക്കുന്നുണ്ട്. ടി. തുക ബന്ധപ്പെട്ട ഹെഡ്ഡിൽ ഒടുക്കു വരുത്തേണ്ടതാണ്.
5. പഞ്ചായത്ത് ഓഫീസ് സെക്ഷനുകളിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-10 ഡി & ഒ ലൈസൻസ് പരിശോധന- അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം (വകുപ്പ് 269 മുതൽ 271 വരെ) പ്രകാരം പഞ്ചായത്തിലുള്ള എല്ലാ സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ നേടിയിരിക്കേണ്ടതാണ്. കൂടാതെ സർക്കുലർ നം. 47724/ഡിസി1/11/എൽ.എസ്.ജി.ഡി തീയതി 9/12/2011 പ്രകാരം പോല്യൂഷൻ കൺട്രോൾബോർഡിൽ നിന്നുള്ള അനുമതി ലഭ്യമാക്കേണ്ടതാണ്. ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ എടുക്കുകയോ, പോല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള അനുമതി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നമ്പർ, തീയതി | ലൈസൻസിയുടെ പേര് | സ്ഥാപനം |
|---|---|---|---|
| 1 | B1-2004, 4/2/21 | അപർണ്ണ രാജ്കുമാർ, മെഡിക്കേർ പ്ലസ് | മെഡിക്കൽ ലാബ് |
| 2 | B1-1215, 10/2/21 | രാജിമോൾ.എസ്, | ലബോറട്ടറി |

| | | | |
|---|---|---|---|
| | | രാജീവ് ഗാന്ധി ഡയഗണോസ്റ്റിക്ക് സെന്റർ | |

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/17.05.22) നൽകിയ മറുപടിയിൽ പഞ്ചായത്തിൽ നിന്നും സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ എടുക്കേണ്ടതാണെന്നും, പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി അടിയന്തരമായി പഞ്ചായത്തിൽ ഹാജരാക്കണം എന്ന് ആവശ്യപ്പെട്ട് ലൈസൻസിക്ക് കത്ത് നൽകിയതായി അറിയിച്ചിട്ടുണ്ട്. സ്ഥാപനങ്ങൾ ആവശ്യമായ രജിസ്ട്രേഷനുകളും അനുമതികളും നേടുന്നുവെന്ന് പഞ്ചായത്ത് ഉറപ്പാക്കേണ്ടതാണ്.

## 1-11 കരാറുകാരനിൽ നിന്നും നിയമാനുസൃത ഫൈൻ ഈടാക്കിയില്ല

ജി.ഒ (പി)13/2012/PWD/01-02-2012 പ്രകാരം പൊതുമരാമത്ത് മാനുവൽ 2012 ലെ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ(പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം.എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവർത്തിയിൽ ടി നിയമങ്ങൾക്ക് വിരുദ്ധമായി കരാറുകാരന് മുഴുവൻ തുകയും അനുവദിച്ചു നൽകി. വിശദവിവരം ചുവടെ ചേർക്കുന്നു.

1.വാർഡ് 11 ൽ അംഗൻവാടി നം. 26 ന്റെ മെയിന്റനൻസ്.
പ്രൊജക്റ്റ് നം - എസ്സ് 0134/20

കരാറുകാരൻ – വിനോദ്മോൻ, പുത്തൻ വീട്, പറവൂർ, ആലപ്പുഴ.

എഗ്രിമെന്റ് നം.26/AE/LSGD/PNGP/18.03.20.
PAC-398392 /-

ബിൽ നം, തീയതി, തുക - 1) 54/20-21, 23-03-21, 55161/-

- 2) 21/20-21/19.10.20, 298379/-

M Book –140/20-21

പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 17.05.20
പൂർത്തീകരിച്ച തീയതി- 1.10.20
ഈടാക്കേണ്ട പിഴ -
ആദ്യ തവണ- PAC യുടെ 1% – 398392 X 1% = 3984/-(17.08.20 വരെ)
രണ്ടാം തവണ-PACയുടെ2%-398392x2%=7968x44/90(1.10.20 വരെ) = 3895 /-
ആകെ ഈടാക്കേണ്ടത് –3984 + 3895 =7879/-രൂപ
ഈടാക്കിയത് - 0/-
കുറവ് – 7879/-രൂപ

ടി. പ്രവൃത്തി വൈകി പൂർത്തിയാക്കിയിട്ടും കരാറുകാരനിൽ നിന്നും നിയമാനുസൃത ഫൈൻ ഈടാക്കാത്തതിനു കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കോവിഡ് വ്യാപനം മൂലമാണ് പ്രവൃത്തി പൂർത്തിയാക്കാൻ താമസം നേരിട്ടതെന്നും ആയതിനാൽ 14.06.21 ലെ 1(4) നം. പഞ്ചായത്തു കമ്മിറ്റി തീരുമാനപ്രകാരമാണ് പിഴ ഒഴിവാക്കിക്കൊടുത്തതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഈ കാലയളവിൽ കരാറുകാരനിൽ നിന്നും നിയമാനുസൃതപിഴ ഒഴിവാക്കിക്കൊടുക്കുന്നതിന് സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ ഇല്ലാതിരുന്നതിനാൽ ടി. മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ മേൽ സൂചിപ്പിച്ച പ്രവൃത്തി വൈകിയതു സംബന്ധിച്ചുള്ള നിയമാനുസൃതപിഴയായ 7879 രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി. തുക അസി. എൻജിനീയർ, 14.06.21 ലെ 1(4) നം. പഞ്ചായത്തു കമ്മിറ്റി തീരുമാനമെടുത്ത കമ്മിറ്റിയംഗങ്ങൾ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-12 പ്രവർത്തന രഹിതമായ ടാപ്പുകളുടെ വാട്ടർചാർജ് ഒഴിവാക്കാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ല.

വാട്ടർചാർജ് കുടിശ്ശിക ഇനത്തിൽ വാട്ടർ അതോറിറ്റിയുടെ 03/21 ലെ ഡിമാൻഡ് പ്രകാരം 736055/- രൂപ കുടിശ്ശികയുള്ളതായി കാണുന്നു. 667 ടാപ്പുകളുടെ വാട്ടർ ചാർജ്ജ് 291813/- രൂപയാണ് നിലവിൽ അടയ്ക്കുന്നത്. പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തുന്നതിനാവശ്യമായ സംയുക്തപരിശോധന 12 വാർഡുകളിൽ നടത്തിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സംയുക്ത പരിശോധന പൂർത്തീകരിച്ച 12 വാർഡുകളിലെ ലിസ്റ്റ് പ്രകാരം ടാപ്പുകളുടെ നിലവിലെ വിവരം ചുവടെ ചേർക്കുന്നു.

നിലനിർത്തേണ്ടവ -33

ടാപ്പ് പോയന്റിൽ വിച്ഛേദിച്ചതായി കണ്ടത്-61

വിച്ഛേദിക്കേണ്ടത് -185

12 വാർഡുകളിൽ പ്പോൾ 33 ടാപ്പുകൾ മാത്രമാണ് ഉപയോഗപ്രദമായി കണ്ടത്. നിലവിൽ 667 ടാപ്പുകളുടെ വാട്ടർ ചാർജ്ജ് ഒടുക്കുന്ന ഗ്രാമപഞ്ചായത്തിൽ ആകെ എത്ര ടാപ്പുകൾ നിലനിർത്തേണ്ടതുണ്ട് എന്ന് അറിയുന്നതിനായി ബാക്കിയുള്ള 5 വാർഡുകളിൽ കൂടി സംയുക്ത പരിശോധന നടത്തേണ്ടതുണ്ട്.

ഗ്രാമപഞ്ചായത്തിലെ 9 വാർഡുകളിൽ നടത്തിയ ജോയിന്റ് വേരിഫിക്കേഷന്റെ അടിസ്ഥാനത്തിൽ ഉപയോഗശൂന്യമായി കണ്ടെത്തിയ 136 പൊതുടാപ്പുകൾ റദ്ദാക്കുന്നതിനായി 155000/- രൂപ വാട്ടർ അതോറിട്ടിയിൽ (പി.എച്ച് ഡിവിഷൻ, ആലപ്പുഴ) അടച്ചിട്ട് തുടർനടപടിയൊന്നും സ്വീകരിക്കാത്തത് സംബന്ധിച്ച് മുൻ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിരുന്നു.

കുടിശിക തുകയുടെ ഫൈൻ ഇനത്തിൽ ഓരോമാസവും ഒന്നരലക്ഷം രൂപയോളം ബാദ്ധ്യത ഉണ്ടാകുന്നുണ്ട്. സംയുക്ത പരിശോധന നടത്താൻ അവശേഷിക്കുന്ന വാർഡുകളിൽക്കൂടെ സംയുക്ത പരിശോധന നടത്തി ഉപയോഗ ശൂന്യമായവ ഒഴിവാക്കുന്നതിനും ഉപയോഗപ്രദമായ പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി, അതിനനുസൃതമായി വാട്ടർ ചാർജ്ജ് ഡിമാന്റ് തുകയിൽ കുറവുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-13 പത്രപ്പരസ്യം- അർഹമായ ഡിസ്കൗണ്ട് അനുവദിക്കാത്തത് സംബന്ധിച്ച്.

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് പറഞ്ഞിരിക്കുന്നു. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം പദ്ധതി രൂപീകരണ നിർവഹണ മോണിട്ടറിംഗ് ചെലവുകൾ എന്ന പദ്ധതിയിൽപ്പെടുത്തി (പ്രോജക്ട് നം.82/2021) മാതൃഭൂമി ദിനപ്പത്രത്തിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ തനത് ഫണ്ടിൽ നിന്നും നല്കിയ തുകകളുടെ വൗച്ചറുകൾ പരിശോധിച്ചതിൽ ഡിസ്കൗണ്ട് ഒന്നും തന്നെ അനുവദിക്കപ്പെട്ടതായി കാണുന്നില്ല.

| സ്ഥാപനത്തിൽ നിന്നുള്ള ബിൽ നം. തീയതി | ബിൽ തുക | അർഹമായ ഡിസ്കൗണ്ട് (15%) | ചെക്ക് നം./ തീയതി |
|---|---|---|---|
| 321000022764/25.07.2020 | 10920 | 1638 | 117952 തീയതി. 15.03.2021 |
| 321000031729/28.08.2020 | 10920 | 1638 | |
| 321000044596/11.10.2020 | 10920 | 1638 | |
| 321000046405/15.10.2020 | 10920 | 1638 | |
| 321000079651/15.01.2021 | 8736 | 1310 | |
| ആകെ | 52416 | 7862 | |

*അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം പഞ്ചായത്ത് ഫണ്ടിന് 7862/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീയതി.09.05.2022) പത്ര സ്ഥാപനത്തിന് തുക ഒടുക്കാൻ കത്ത് നല്കിയിട്ടുണ്ടെന്നറിയിച്ചു. സ്ഥാപനത്തിൽ നിന്നും തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും തുക ഈടാക്കാൻ കഴിയാത്ത പക്ഷം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.*

## 1-14 പാലിന് സബ്സിഡി - സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചില്ല

ഡയറി എക്സ്റ്റെൻഷൻ ഓഫീസർ നടപ്പാക്കുന്ന പാലിന് സബ്സിഡി പ്രോജക്ടിൽ ക്ഷീര സംഘത്തിൽ നൽകുന്ന പാലിന് ക്ഷീരവികസനവകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പെടെ ലിറ്ററൊന്നിന് നാല് രൂപ തോതിൽ ഒരു വർഷം പരമാവധി 40000/- രൂപ ഒരു കർഷകന് സബ് സിഡിയായി നൽകാമെന്ന് സബ്സിഡി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട് (14.12.18 ലെ സ.ഉ. (കൈ) നം.22/18/ത.സ്വ.ഭ.വ). എന്നാൽ ഗ്രാമ പഞ്ചായത്തിലെ ക്ഷീര കർഷകർക്ക് സംഘങ്ങളിൽ അളക്കുന്ന പാലിന് ലിറ്ററൊന്നിന് നാല് രൂപ തോതിൽ സബ്സിഡി നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

(എ) പ്രോജക്ട് നം.62/21 പാലിന് സബ്സിഡി

നിർവ്വഹണം- ഡയറി എക്സ്റ്റെൻഷൻ ഓഫീസർ

വികസന ഫണ്ട്- 304356

ജില്ലാ പഞ്ചായത്ത് വിഹിതം-150000

ആകെ അടങ്കൽ- 454356

ചെലവ്-454356

| ക്ഷീരസംഘത്തിന്റ പേര് | നാല് രൂപ നിരക്കിൽ സബ്സിഡി നൽകിയ | ചെലവ് വിവരം |
|---|---|---|

| | കാലയളവ് | |
|---|---|---|
| വാടയ്ക്കൽ ക്ഷീരസംഘം | 2020 ജൂൺ | 103/19.09.20<br>150000/- |
| | 2020 ഓഗസ്റ്റ് | 108/2309.20<br>114378/- |
| | 2020 സെപ്റ്റംബർ | 241/20.02.21<br>63688/- |
| പറവൂർ ക്ഷീരസംഘം | 2020 ജൂൺ,ജൂലൈ,ഓഗസ്റ്റ് | 113/25.09.20<br>101799/- |
| | 2020 സെപ്റ്റംബർ | 242/20.02.21<br>24491 |

(ബി) പ്രോജക്ട് നം .93/21 പാലിന് സബ്സിഡി(Spill Over)

വികസന ഫണ്ട്- 131524

ബ്ലോക്ക് പഞ്ചായത്ത് വിഹിതം-102140

ജില്ലാ പഞ്ചായത്ത് വിഹിതം-200000

ആകെ അടങ്കൽ- 433664

ചെലവ്-131524

ക്ഷീര വികസന വകുപ്പിൽ നിന്നുള്ള സബ്സിഡി തുകയായ ഒരു രൂപ ഉൾപ്പെടാത്ത പക്ഷം കർഷകന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകാവുന്ന സബ്സിഡി ലിറ്ററിന് 3 രൂപ നിരക്കിലായതിനാലും സംസ്ഥാനവിഹിതം ലഭ്യമല്ലെങ്കിൽ അതും തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകണമെന്ന് സബ്സിഡി മാർഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാലും പഞ്ചായത്ത് ഫണ്ടിൽ നിന്നും ലിറ്ററിന് 4 രൂപ തോതിൽ സബ്സിഡി നൽകിയത് സബ്സിഡി മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/13.05.2022). ഫണ്ടിന്റെ ദൗർലഭ്യം മൂലം 2018 ലെ പ്രളയം മുതൽ ക്ഷീരവികസന വകുപ്പ് തുക നൽകിയിരുന്നില്ല എന്നും വരും വർഷങ്ങളിൽ ന്യൂനത ആവർത്തിക്കില്ല എന്നും മറുപടി ലഭ്യമാക്കി.
തുടർ വർഷങ്ങളിൽ 3 രൂപ നിരക്കിൽ മാത്രം സബ്സിഡി അനുവദിക്കാവൂ എന്ന നിർദ്ദേശം പാലിച്ചുകൊണ്ട് പ്രോജക്ട് നടപ്പാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 ഐ.കെ.എം വിഹിതം-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് സംബന്ധിച്ച്.

പ്രോജക്ടിന്റെ പേര് : ഐ.കെ.എം വിഹിതം കുടിശ്ശിക തുകയും തന്നാണ്ട് വിഹിതവും നൽകൽ

പ്രോജക്ട് നം. : 7/2021

അടങ്കൽ : വികസന ഫണ്ട് - 110581/-

ചെലവ് : 110581/- (ട്രഷറി ബിൽ നം.17 തീയതി.13.10.2020)

നിർവഹണം: സെക്രട്ടറി

പുന്നപ്ര വടക്ക് ഗ്രാമ പഞ്ചായത്തിൽ നിന്നും ഐ.കെ.എം-നുള്ള 2019-20-ലെ കുടിശ്ശിക വിഹിതവും, 2020-21-ലെ തന്നാണ്ട് വിഹിതവും ഉൾപ്പെടെ മേൽ ബില്ല് പ്രകാരം 110581/- രൂപ ഐ.കെ.എം-ന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3 തീയതി, 09.05.2022) ധനവിനിയോഗ സാക്ഷ്യപത്രം ഐ.കെ.എം-ൽ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നും ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്നും മറുപടി നല്കി. കൈപ്പറ്റ് രസീത്, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ ചെലവ് തുക (110581/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഐ.കെ.എം- ൽ നിന്ന് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-16 സാമൂഹ്യ ക്ഷേമ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല

എ) 2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ സേവന ഡേറ്റ ബേസിലെ ക്ഷേമപെൻഷൻ ഗുണഭോക്താക്കളുടെ വിവരവും പഞ്ചായത്തിൽ 2020 വർഷം രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ വിവരവും പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്നവരുടെ പെൻഷൻ സേവന ഡേറ്റാ ബേസിൽനിന്നും സസ്പെന്റ് ചെയ്തതിട്ടില്ല.

| ക്രമ | പേര്/വിലാസം | പെൻഷൻ | മരിച്ച തീയതി | അനർഹമായ | തുക |
|---|---|---|---|---|---|

| നം | | തരം/ഐഡി | | കാലയളവ്/ | |
|---|---|---|---|---|---|
| 1 | അബ്ദുൾ റസാക്ക്, നമ്പയ്ക്കാവെളി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104510201285 | 11.09.2020 | 10/2020 മുതൽ 4/2022-വരെയുള്ള 29500/- രൂപ ബാങ്ക്അക്കൌണ്ടിൽ നിക്ഷേപിച്ച | 29,500/- |
| 2 | ജെയിംസ് ലോറൻസ് | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ 104510200004 | 2016(സേവനയിൽ Deceased എന്ന് രേഖപ്പെടുത്തിയിരിക്കുന്നു) | 2016 മുതൽ 7/2019 വരെയുള്ള 55,500/-രൂപ അക്കൌണ്ടിൽ നിക്ഷേപിച്ച | 55,500/- |

പ്രസ്തുത ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്ത്, അനർഹമായ കാലയളവിൽ കൈപ്പറ്റിയ തുക തിരികെ ഈടാക്കി കേരള ബാങ്കിലെ പെൻഷൻ അക്കൌണ്ടിൽ ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ബി.) ക്ഷേമപെൻഷൻ ഗുണഭോക്താക്കളെ സേവന ഡാറ്റാ ബെയ്സിൽ നിന്നും ഒഴിവാക്കുന്നതിൽ ഉള്ള കാലതാമസം മൂലം, അനർഹമായ കാലയളവിൽ പെൻഷൻ തുക ബാങ്ക് അക്കൌണ്ട് വഴി പെൻഷൻലഭിച്ചുകൊണ്ടിരിക്കുന്നവർക്ക് അതാത് ബാങ്കുകളിലേക്കും, ഡയറക്ട് ടു ഹോം പെൻഷൻ ലഭിക്കുന്നവരുടെ പെൻഷൻ സർവ്വീസ് സഹകരണ ബാങ്കുകളിലെ അക്കൌണ്ടുകളിലേക്കും നൽകിക്കൊണ്ടിരിക്കുന്നതായി കാണുന്നു. ഇപ്രകാരം തുക ട്രാൻസ്ഫർ ചെയ്ത ഇടപാടുകളിൽ - തിരിച്ചുവരുന്ന തുകയുടെ കൃത്യത, കൈപ്പറ്റാത്ത തുക പൂർണ്ണമായും തിരിച്ച് അടയ്ക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1) ബാങ്ക് അക്കൌണ്ട് വഴി പെൻഷൻ ലഭിച്ചവർ

| ക്രമ നം | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച തീയതി/ സസ്പെൻഡ് ചെയ്ത തീയതി | അനർഹമായ തുക |
|---|---|---|---|---|
| 1 | ശ്രീകുമാരി.ആർ, ശങ്കരവിലാസം | വാർദ്ധക്യകാല പെൻഷൻ 104510200327 | 07.08.20/ 14.12.2020 | 5600/- അക്കൌണ്ടിൽ നിക്ഷേപിച്ച |
| 2 | സുധാകരൻ, കൊച്ചുതൈയ്യിൽ | വാർദ്ധക്യകാല പെൻഷൻ 104510200543 | 24.02.20/ 16.02.22 | 32500/- അക്കൌണ്ടിൽ നിക്ഷേപിച്ച |
| 3 | മണിയൻ, കൊട്ടാപ്പള്ളിച്ചിറ | വാർദ്ധക്യകാല പെൻഷൻ 104510200855 | 22.09.20/ 15.01.22 | 19,900/- അക്കൌണ്ടിൽ നിക്ഷേപിച്ച |
| 4 | ജേക്കബ്, പേരൂർ കോളനി | വാർദ്ധക്യകാല പെൻഷൻ 104510200775 | 04/02/20 16/02/2022 | 7400/- അക്കൌണ്ടിൽ നിക്ഷേപിച്ച |
| 5 | ഹരിദാസ്, കോയവെളിയിൽ | വാർദ്ധക്യകാല പെൻഷൻ 104510200775 | 09/08/20 12/11/20 | 1800/- അക്കൌണ്ടിൽ നിക്ഷേപിച്ച |

2) സഹകരണ ബാങ്കുകൾ വഴി (ഡയറക്ട് ടു ഹോം)

| ക്രമ നം | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച തീയതി/ സസ്പെൻഡ് ചെയ്ത | കൈപ്പറ്റാത്ത തുക | റിമാർക്സ് |
|---|---|---|---|---|---|

| | | | തീയതി | | |
|---|---|---|---|---|---|
| 1 | ദിവാകരൻ, എഴുപതിൽചിറ | വാർദ്ധക്യകാലപെൻഷൻ 104510201029 | 1.11.2020/ 23.09.2021 | 17200/- | 12/2020 മുതൽ 10/2021 വരെയുള്ള തുക കൈമാറാൻ സാധിച്ചിട്ടില്ല |
| 2 | വാസന്തി, ഇലഞ്ഞിപ്പറമ്പിൽ | 1)വാർദ്ധക്യകാലപെൻഷൻ 104510200933 | 20.7.2020/ 24.11.2021 | 7200/- | 11/2020മുതൽ 10/2021വരെയുള്ള തുക കൈമാറാൻ സാധിച്ചിട്ടില്ല |

സഹകരണ ബാങ്ക് മുഖേന വിതരണം ചെയ്ത് വരുന്ന സാമൂഹിക സുരക്ഷാ പെൻഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള, മരിച്ചുപോയവരുടെ പേര് വിവരങ്ങൾ സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് ലഭ്യമാക്കുന്നുണ്ടോ എന്നും ബാങ്ക് മുഖേന പെൻഷൻ കൈപ്പറ്റുന്നവരിൽ സ.ഉ(എം.എസ്) 97/2020 ധന തീയതി 23/09/2020 പ്രകാരം മരിച്ചുപോയവരും അർഹത നഷ്ടപ്പെട്ടവരുമായ വ്യക്തികളെ ഒഴിവാക്കുന്നതിലേക്ക് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/18.05.22) മറുപടി ലഭ്യമാക്കിയില്ല. തുക തിരികെ കേരള ബാങ്കിന്റെ പെൻഷൻ അക്കൗണ്ടിൽ ഒടുക്കുന്നുണ്ടോ എന്ന് പരിശോധിച്ച് വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-17 അങ്കണവാടി അനുപൂരക പോഷകാഹാരപദ്ധതി- ന്യൂട്രിമിക്സ് സാമ്പിളുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നില്ല.

പ്രോജക്ട് നം.S0052/21 -അങ്കണവാടി അനുപൂരക പോഷകാഹാരപദ്ധതി

വികസന ഫണ്ട് - 1400000

കേന്ദ്ര ഫണ്ട് -800000

ജില്ലാ പഞ്ചായത്ത് വിഹിതം -200000

ബ്ലോക്ക് പഞ്ചായത്ത് വിഹിതം -350000

ആകെ അടങ്കൽ - 2750000

ചെലവ് - 2440000

ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും 01.02.2010, 05.06.2010.ലെ ഐ.സി.ഡി.എസ് ബി3-312/2010 നമ്പർ കത്തുകൾ മുഖേന സാമൂഹ്യ ക്ഷേമ ഡയറക്ടർ നിർദ്ദേശിച്ചിരുന്നു. പരിശോധനയ്ക്ക് വിധേയമായ ബാച്ചുകളുടെ ലാബ് റിപ്പോർട്ടിൽ തൃപ്തികരമല്ല/ഉപയോഗയോഗ്യമല്ല എന്നാണ് പരിശോധനാ ഫലമെങ്കിൽ, ഭക്ഷ്യ മിശ്രിതത്തിന്റെ വില, ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നല്കേണ്ടതില്ല എന്നും 8.12.2010 ലെ മേൽ നമ്പർ കത്ത് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തിലെ അംഗനവാടികളിൽ ലഭ്യമാക്കുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ 2020-21 വർഷം ലാബ് ടെസ്റ്റ് ചെയ്തതിന്റെ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 06/12.05.2022)ലഭ്യമാക്കിയ മറുപടിയിൽ 2020-21 വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്ത ഐശ്വര്യ അമൃതം ഫുഡ് സപ്ലിമെന്റ്, ഉറവൂർ എന്ന സ്ഥാപനം ഒരുപ്രാവശ്യം മാത്രമാണ് സാമ്പിൾ പരിശോധനയ്ക്ക് അയച്ചിട്ടുള്ളത് (17.02.2021). റീജിയണൽ ഫുഡ്ടെസ്റ്റിംഗ് ലബോറട്ടറി ചെന്നൈയിലെ റിപ്പാർട്ട് പ്രകാരം The Sample Submitted Conforrms For Protein & Calorific Value എന്ന് ചേർത്തിട്ടുണ്ട്.

കൃത്യമായ ഇടവേളകളിൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി അങ്കണവാടിയിലെ ശിശുക്കൾക്ക് നൽകുന്ന ആഹാരത്തിന്റെ ഗുണനിലവാരം ഉറപ്പാക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-19 കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ.

പഞ്ചായത്തിൽ കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ സ്തുത്യർഹമായ രീതിയിൽ നടപ്പിലാക്കിയിട്ടുണ്ട്.
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കോവിഡ് ബാധിച്ച ആകെ ആളുകളുടെ എണ്ണം 4180
ആകെ മരണം 64
ആകെ രോഗമുക്തരുടെ എണ്ണം 4116
നിലവിലെ രോഗബാധിതർ 0
നിലവിലെ പോസിറ്റീവ് നിരക്ക് 0

കോവിഡ് 19 ജാഗ്രതാ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് പൂർണ്ണമായ ലോക്ക് ഡൗൺ നിലവിൽ വന്നതിനെത്തുടർന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ സഹകരണത്തോടെ കമ്മ്യൂണിറ്റി കിച്ചൺ ആരംഭിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് അമ്പലപ്പുഴ ബ്ലോക്കാഫീസ് കോമ്പൌണ്ടിലെ വനിതാ കാന്റീൻ കെട്ടിടത്തിൽ കമ്മ്യൂണിറ്റി കിച്ചൺ ആരംഭിക്കുകയും 2020 മെയ് 24 വരെ എല്ലാ ദിവസവും ശരാശരി നൂറ്റി അൻപതിലധികം ഉച്ചഭക്ഷണം തയ്യാറാക്കി ആവശ്യക്കാരുടെ വീടുകളിലെത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്. പാചകക്കാരെക്കൂടാതെ ഭക്ഷണം പൊതിയുന്നതിനും വീടുകളിലെത്തിക്കുന്നതിനും സന്നദ്ധം വോളണ്ടിയർമാരുടെ സേവനം പ്രയോജനപ്പെടുത്തിയിരുന്നു. 25/05/2020 മുതൽ കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തനം അവസാനിപ്പിച്ച് സർക്കാർ നിർദ്ദേശപ്രകാരമുള്ള ജനകീയ ഭക്ഷണശാല ആരംഭിച്ചിട്ടുണ്ട്. കോവിഡ് 19 ജാഗ്രതാ നടപടികളുടെ ഭാഗമായി മുൻകരുതൽ നടപടികൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി വാർഡുകൾതോറും വാഹനപ്രചരണം നടത്തുകയും പോസ്റ്റർ അച്ചടിച്ച് പതിപ്പിക്കുകയും ചെയ്തു. പഞ്ചായത്താഫീസിൽ എത്തുന്ന പൊതുജനങ്ങൾക്കും ജീവനക്കാർക്കും കൈകൾ ശുചീകരിച്ച ശേഷം അകത്ത് പ്രവേശിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു .

കോവിഡ് ഒന്നാം തരംഗ കാലഘട്ടത്തിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നും വിദേശത്തു നിന്നും മടങ്ങിയെത്തുന്നവർക്ക് സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം ക്വാറന്റൈനിൽ താമസിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി. കോവിഡ് 19 ജാഗ്രതാ എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്ന പാസ്സിനുള്ള അപേക്ഷകൾ ലഭിക്കുന്ന അന്നു തന്നെ അപേക്ഷകരുടെ ഫോൺ നമ്പർ സഹിതമുള്ള വിവരങ്ങൾ പുന്നപ്ര വടക്ക് കുടുംബാരോഗ്യകേന്ദ്രം ഉദ്യോഗസ്ഥർക്ക് കൈമാറുകയും അപേക്ഷകരെ ഫോൺ മുഖാന്തിരം ബന്ധപ്പെടുകയും ചെയ്തു. വീടുകളിൽ സുരക്ഷിതമായ ക്വാറന്റൈനിൽ ഇരിക്കാൻ സൗകര്യമുള്ളവർക്ക് അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ക്വാറന്റൈൻ കാലയളവ് മുഴുവൻ ഇവരുമായി ആശയവിനിമയം നടത്തുന്നതിനും ആരോഗ്യസ്ഥിതി വിലയിരുത്തുന്നതിനും പഞ്ചായത്ത് വാർഡ്തല കോവിഡ് ജാഗ്രതാസമിതിയുടെ നേതൃത്വത്തിൽ നടപടി സ്വീകരിച്ചു. വാർഡിന്റെ ചുമതലയുള്ളവർ ടി വീട്ടുകാരുമായി എല്ലാ ദിവസവും ബന്ധപ്പെടുകയും വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്തു. വീടുകളിൽ ക്വാറന്റൈൻ സൗകര്യമില്ലാത്തവർക്ക് ക്വാറന്റൈനിൽ കഴിയുന്നതിന് ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം തെരഞ്ഞെടുത്ത 5 കോവിഡ് കെയർ സെന്ററുകൾ പ്രവർത്തിച്ചിരുന്നു. ആദ്യ ഘട്ടമായി ഹോട്ടൽ ബൊണാൻസ (13/05/2020), ലേക് ഹോം റൂംസ് പള്ളാത്തുരുത്തി (13/05 /2020), റിതു ബീച്ച് റിസോർട്ട് (30/05/2020), ഐ എം എസ് ധ്യാന ഭവൻ (21/05/2020) എന്നീ നാലുകേന്ദ്രങ്ങളും 26/06/2020 മുതൽ എം ആർ എസ് സ്കൂൾ ഹോസ്റ്റൽ കെട്ടിടവും ആണ് പഞ്ചായത്ത് പരിധിയിലുള്ള കോവിഡ് കെയർ സെന്ററുകൾ. സ്ഥാപന ക്വാറന്റൈനിലുള്ള വ്യക്തികൾക്കുള്ള ഭക്ഷണം ജനകീയ ഭക്ഷണശാലയിൽ നിന്നും എത്തിച്ചു നൽകിയിരുന്നു.
കോവിഡ് കെയർ സെന്ററുകളിൽ നിരീക്ഷണത്തിലുള്ളവരുടെ ഭക്ഷണാവശിഷ്ടം അടക്കമുള്ള മാലിന്യങ്ങൾ ശേഖരിച്ച് ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിനും മറ്റ് ശുചീകരണപ്രവർത്തികൾ നടത്തുന്നതിനും 4 തൊഴിലാളികളുടെ സേവനം ഉപയോഗപ്പെടുത്തി. ടി വ്യക്തികൾ എല്ലാ ദിവസവും കോവിഡ് കെയർ സെന്ററുകളിൽ നിന്നും മാലിന്യം ശേഖരിച്ച് പഞ്ചായത്ത് കോമ്പൗണ്ടിൽ കൊണ്ടുവന്ന് ആരോഗ്യ വകുപ്പിൽ നിന്നുള്ള ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ നിർദ്ദേശങ്ങൾ സ്വീകരിച്ച് അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ ശുചീകരണത്തൊഴിലാളികളുടെ ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തി ഡീപ് ബറിയൽ രീതിയിലാണ് നിർമ്മാർജ്ജനം നടത്തിയത്.

ബഹു ജില്ലാ കളക്ടറുടെ 13/05/2021 ലെ DMC3-392/2021 നമ്പർ ഉത്തരവ് പ്രകാരം പുന്നപ്ര സഹകരണ എഞ്ചിനീയറിംഗ് കോളേജ് ലേഡീസ് & ജെന്റ്സ് ഹോസ്റ്റൽ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് സി.എഫ്.എൽ.ടി.സി. ആയി ഏറ്റെടുത്തിരുന്നു. 25/08/2020 മുതൽ പ്രവർത്തനസജ്ജമാക്കി. 450 കിടക്കകളോടെ പ്രവർത്തിച്ചു. എല്ലാ ഭൗതിക സാഹചര്യങ്ങളും പഞ്ചായത്ത് ഉറപ്പാക്കിയിരുന്നു. സെപ്റ്റിക് ടാങ്കുകൾ ക്ലീൻ ചെയ്ത് ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്ത ശേഷമാണ് രോഗികളെ പ്രവേശിപ്പിച്ചത്. ആരോഗ്യ പരിചരണത്തിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന മെഡിക്കൽ ടീമിനെ ആവശ്യമായ എല്ലാ മെഡിക്കൽ ഉപകരണങ്ങളോടെയും കൂടെ പുന്നപ്ര വടക്ക് കുടുംബാരോഗ്യ കേന്ദ്രം മെഡിക്കലാഫീസറുടെ നേതൃത്വത്തിൽ സജ്ജീകരിച്ചിരുന്നു. മെഡിക്കൽ ടീമിനാവശ്യമായ മാസ്ക്, ഗ്ലൗസ്, മൈക്രോ

പോർ, ശുചീകരണ സംവിധാനങ്ങൾ മുതലായവയെല്ലാം യഥാസമയം വേഗത്തിൽ തന്നെ വാങ്ങി നൽകിക്കൊണ്ടിരിക്കുകയും മെഡിക്കൽ ടീമിനെ പൂർണ്ണതോതിൽ മുഴുവൻ സമയവും സജ്ജീകരിച്ചിരുന്നു. 2021 ജനവരി മാസത്തോടെ പ്രവർത്തനമവസാനിപ്പിച്ച് കെട്ടിടം കോളേജ് അധികൃതർക്ക് കൈമാറി. നിർമ്മാണ പ്രവർത്തനങ്ങൾ നീക്കം ചെയ്ത് നൽകി.

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾക്കായി സി.എഫ്.എൽ.ടി.സി., ഡി.സി.സി., കോവിഡ് കെയർ സെൻറർ എന്നിവ ഏറ്റെടുത്ത് നടത്തിയിട്ടുള്ളതാണ്. സി.എഫ്.എൽടി.സി പ്രവർത്തനങ്ങൾക്കായി എസ്.ഡി.ആർ.എഫ് ഫണ്ടിൽ ഉൾപ്പെടുത്തി 65,00,000/- രൂപ അനുവദിച്ചിരുന്നു. കോവിഡ് കെയർ സെൻറർ വാടകയായി 15,37,100/- രൂപ അനുവദിച്ചിരുന്നു. ടി തുക മുഴുവനും 2020-21 വർഷം തന്നെ ചെലവഴിച്ചിട്ടുള്ളതാണ്. കൂടാതെ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയ പ്രവർത്തനങ്ങൾക്കു പുറമെ 12,90,195/- രൂപ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 2020-21 വർഷം ചെലവഴിച്ചിട്ടുണ്ട്. ലഭിച്ച തുകയിൽ ചെലവഴിക്കാതെ ബാക്കി വന്ന തുക 2021-22 വർഷം സർക്കാരിലേക്ക് തിരിച്ചടവാക്കിയിട്ടുള്ളതാണ്.

കോവിഡുമായി ബന്ധപ്പെട്ട അജണ്ട ഉൾപ്പെടുത്തി 2020 മാർച്ച് മുതൽ 2021 ജൂലൈ വരെ ആകെ 12 ജനറൽ കമ്മറ്റി യോഗങ്ങൾ ചേർന്നിട്ടുള്ളതും യോഗതീരുമാനങ്ങൾ യഥാസമയം നടപ്പിലാക്കിയിട്ടുള്ളതുമാണ്.

## 1-20 മെറ്റീരിയൽസ് സപ്ളൈ ചെയ്ത കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല.കേന്ദ്രസർക്കാരിനു നഷ്ടം

തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്ത പ്രവൃത്തികൾക്ക് സാമഗ്രികൾ സപ്ളൈ ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട 1% ആദായ നികുതി (ആദായ നികുതി നിയമം 194 C) ഈടാക്കിയില്ല. സാധനങ്ങൾ സപ്ളൈ ചെയ്തതിന് 2808142/- രൂപ കരാറുകാർക്ക് നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ഈടാക്കേണ്ട ആദായനികുതി 6593/- രൂപ കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | സാധന വിലയിനത്തിൽ അനുവദിച്ച തുക | ഈടാക്കേണ്ട ആദായ നികുതി (1%) | ഫണ്ട് കൈമാറ്റം ചെയ്ത തീയതി - |
|---|---|---|---|---|---|
| 1 | 9-ാം വാർഡ് നമ്പ്യാട്ടുവെളി തോടിന്റെ ഇരുവശവും കല്ലുകെട്ടി സംരക്ഷണം.MBook No -252/19-20) | ശ്രീ. ജിജു പൊന്നപ്പൻ. | 159958 | 1599 (FTO-844915) | 10.03.21 |
| 2 | മൂന്നാറ്റാം പാടശേഖരത്തിലെ വടക്കേ ബണ്ട് കല്ലുകെട്ടി സംരക്ഷണം (വാർഡ്-5) MBook No -15/20-21) | ശ്രീ. ജിജു പൊന്നപ്പൻ. | 226391(FTO No- 950047) | 2264 | 29.03.21 |
| 3 | 9-ാം വാർഡ് നമ്പ്യാട്ടുവെളി തോടിന്റെ ഇരുവശവും കല്ലുകെട്ടി സംരക്ഷണം.MBook No -269/19-20) | ശ്രീ. ജിജു പൊന്നപ്പൻ. | 138452(FTO No- 880525) | 1385 | 17.03.21 |
| 4 | ഗ്ലൂക്കോസാമിൻ ഫേൊക്ടറിക്ക് തെക്കുവശമുള്ള കരപ്പാടം കല്ലുകെട്ടി സംരക്ഷണം. .MBook No -251/19-20) | ശ്രീ. ജിജു പൊന്നപ്പൻ. | 134520 (FTO No- 880549 ) | 1345/-(17.03.21) | |
| | | ആകെ | 659321 | 6593 | |

ആദായനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/17.05.22/20-21) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറി, തൊഴിലുറപ്പ് പദ്ധതി അക്രഡിറ്റഡ് എൻജിനീയർ എന്നിവരിൽ നിന്നും ഈടാക്കി ആദായനികുതി വകുപ്പിൽ ഒടുക്കി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-21 കരാറുകാരനിൽ നിന്നും നിയമാനുസൃത ഫൈൻ ഈടാക്കൽ-ഓഡിറ്റ് ഇംപാക്ട്

ജി.ഒ (പി)13/2012/PWD/01-02-2012 പ്രകാരം പൊതുമരാമത്ത് മാനുവൽ 2012 ലെ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം.എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ടി നിയമങ്ങൾക്ക് വിരുദ്ധമായി കരാറുകാരന് മുഴുവൻ തുകയും അനുവദിച്ചു നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 11/13.05.22 നൽകിയതിനെ തുടർന്ന് പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്തിരുന്ന കരാറുകാരെക്കൊണ്ട് പിഴതുകയായ 11735/- രൂപ തനതുഫണ്ടിൽ ഒടുക്കിയ രസീതു ഹാജരാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കരാറുകാരൻ | ഒടുക്കിയ തുക | രസീത് നം./തീയതി |
|---|---|---|---|
| 1 | വിനോദ്മോൻ | 3039 | 1220100419/19.05.22 |
| 2 | ബൈജു.വി. | 4337 | 1220100409/18.05.22 |
| 3 | ബെർളി വർഗ്ഗീസ് | 4359 | 1220100408/18.05.22 |

1) 11-ാം വാർഡിൽ കുതിരപ്പന്തി റോഡു മുതൽ റെയിൽവേ ട്രാക്ക് വരെ റോഡ് കോൺക്രീറ്റിംഗ്.
പ്രൊജക്ട് നം - S0147/21.
കരാറുകാരൻ - ബൈജു.വി, തിരുവിളക്കിൽ, സനാതനപുരം.പി.ഒ,ആലപ്പുഴ.
എഗ്രിമെന്റ് നം. 2/AE/LSGD/PNGP/20-21/19-06-20
ബിൽ നം, തീയതി, തുക - 1)ചെക്ക് നം., XY 2438559/18.12.20---129202/-
2 )34/20-21,/13.01.21/, 464254/-
സൈറ്റ് ഹാൻഡ് ഓവർ ചെയ്ത തീയതി. 22.06.20
PAC- /- 534645
M Book – 147/20-21
പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 21.08.20
പൂർത്തീകരിച്ച തീയതി- 2.11.20
ഈടാക്കേണ്ട പിഴ -
ആദ്യ തവണ- PAC യുടെ 1% – 534645 X 1%=5346.45x73/90=4337/-.(2/11/2020 വരെ)
ഈടാക്കിയത് - 0/-
കുറവ് = 4337/-.

2)വാർഡ് 2ൽ അംഗൻവാടി നം. 6 ന്റെ മെയിന്റനൻസ്.

പ്രൊജക്ട് നം - എസ്സ്0141/21.(135/20)

M-book No.--18/20-21.

കരാറുകാരൻ -ബെർളി വർഗ്ഗീസ്, ബിന്ദുഭവൻ, അമ്പലപ്പുഴ

എഗ്രിമെന്റ് നം. 6/AE/LSGD/TKY/19-20/20-09-19
ബിൽ നം, തീയതി, തുക - 1) 10/20-21, 20-05-20, 209021/-

PAC- 292755.

Bill No/date. 31/20-21/13.01.21--324049/-

Duration Of Work- 2months

പ്രവൃത്തി തുടങ്ങിയ തീയതി. 23.06.20

പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി--22.08.20

പൂർത്തീകരിച്ച തീയതി--12.12.20.
ഈടാക്കേണ്ട പിഴ -
ആദ്യ തവണ- PAC യുടെ 1% –292755.x 1% = 2928/-(12/10/2020 വരെ)
രണ്ടാം തവണ- PAC യുടെ 2% –292755.x 2%=5855x22/90 =1431
ഈടാക്കിയത് - 0/-
കുറവ് – 4359/-രൂപ

3 ബഡ്സ് സ്കൂളിന്റെ തറ മെയിന്റനൻസ്.

പ്രൊജക്ട് നം - എസ്സ് 0142/21.(136/20)

കരാറുകാരൻ – വിനോദ്മോൻ, പുത്തൻ വീട്, പറവൂർ, ആലപ്പുഴ.

എഗ്രിമെന്റ് നം.28/AE/LSGD/PNGP/18.03.20.
PAC-173099/-

ബിൽ നം, തീയതി, തുക - 1) 22/20-21, 19.10.20--164910/-

M Book –136/20.

പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 17.05.20
പൂർത്തീകരിച്ച തീയതി- 20.09.20.
ഈടാക്കേണ്ട പിഴ -
ആദ്യ തവണ- PAC യുടെ 1% – 173099 X 1% = 1731/-(16/08/2020 വരെ)
രണ്ടാം തവണ-PACയുടെ2%- 173099x2%=3462 X34/90(20.09.20വരെ) = 1308/-
ആകെ ഈടാക്കേണ്ടത് – 1731+ 1308 = 3039/-രൂപ
ഈടാക്കിയത് - 0/-
കുറവ്- 3039 /-

## 1-22 രസീത് പരിശോധന- കളക്ഷൻതുകയിലെ കുറവ് തിരികെ അടച്ചു, ഓഡിറ്റ് ഇംപാക്റ്റ്

1.) രസീത് പരിശോധനയിൽ 6389 രസീത് ബുക്കിൽ 10/03/21 തീയതിയിൽ കെട്ടിട നികുതി ഇനത്തിൽ രസീത് നമ്പർ 39 പ്രകാരം എൻ. കെ. ഗോപാലൻ എന്നയാൾ അടച്ച 1748/- രൂപ, കൂടാതെ 6389 രസീത് ബുക്കിൽ 10/03/21 തീയതിയിൽ കെട്ടിട നികുതി ഇനത്തിൽ രസീത് നമ്പർ 55 പ്രകാരം മറിയം. എസ് എന്നയാൾ അടച്ച 538/- രൂപ, ആകെ 2286/-രൂപ, പഞ്ചായത്തിൽ ഒടുക്കിയിരുന്നില്ല. ഓഡിറ്റ് എൻക്വയറി നം. 2/20-21 മുഖേന ശ്രദ്ധയിൽപ്പെടുത്തിയതിനെത്തുടർന്ന് രസീത് നം. 1220100365/G040505 പ്രകാരം 12/05/2022 ൽ 2286/-രൂപ പഞ്ചായത്തിലേക്ക് ഒടുക്കിയിട്ടുണ്ട്.

## 1-23 തൊഴിൽ നികുതി പരിശോധന- ഓഡിറ്റ് ഇംപാക്റ്റ്

2020-21 വർഷത്തെ തൊഴിൽ നികുതി പരിശോധനയിൽ കൺസ്യൂമർഫെഡ് ത്രിവേണി സൂപ്പർ മാർക്കറ്റിലെ ജീവനക്കാരുടെ തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കാതെ അവശേഷിച്ചിരുന്നത്, ഓഡിറ്റ് അന്വേഷണം നം.4/20-21 പ്രകാരം അറിയിച്ചതിനെ തുടർന്ന്, 53,500/- രൂപ (നിയമാനുസൃത പിഴപ്പലിശ സഹിതം 62,565/- രൂപ ചെക്ക് നം. 022412) രസീത് നം. 1220100390/G040505 പ്രകാരം 16/05/2022 ൽ പഞ്ചായത്തിലേക്ക് ഒടുക്കിയിട്ടുണ്ട്.

## 1-24 കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളിലെ ന്യൂനതകൾ

1.വിതരണം നടത്തിയ ട്യൂബർ കിറ്റിൽ ഉൾപ്പെട്ട കിഴങ്ങ് വർഗ്ഗങ്ങൾ എത്ര കിലോ,ഏതൊക്കെ ഇനം എന്നുള്ള വിവരം ലഭ്യമല്ല

(എ)പ്രോജക്ട് നം - S0048/ 21

ജീവനി ജൈവ പച്ചക്കറി കൃഷി(വനിത)

നിർവ്വഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ

വികസനഫണ്ട് - 609360

മറ്റുള്ളവ -85000

ആകെ അടങ്കൽ-694360

ചെലവ് - 694354/-

ഗ്രാമപഞ്ചായത്തിലെ വനിതാഗുണഭോക്താക്കൾക്ക് ചേന, ചേമ്പ്, കപ്പ, പച്ചക്കറി, കാച്ചിൽ മുതലായ ഭക്ഷ്യവിളകളുടെ നടീൽ വസ്തുക്കൾ സൗജന്യമായും വളം സബ്സിഡി നിരക്കിലും നൽകുന്നതിന് ലക്ഷ്യമിട്ട പ്രോജക്ടിൽ, VFPCK കൃഷി ബിസിനസ് കേന്ദ്ര യുടെ 06.11.2020 ലെ P1/20-21/276 നമ്പർ ഇൻവോയ്സ് പ്രകാരം, 286355/- രൂപ ചെലവഴിച്ച് കിറ്റൊന്നിന് 421.11/-രൂപ നിരക്കിൽ 680, Planting Material Tuber Kits വാങ്ങിയിട്ടുണ്ട്. എന്നാൽ കിറ്റിൽ ഏതൊക്കെ കിഴങ്ങ് വർഗ്ഗമെന്നോ എത്ര കിലോ വീതം വാങ്ങിയെന്നോ ഉള്ളതിന്റെ വിവരം ബില്ലിൽ ഇല്ല. വിതരണ രേഖയിലും ട്യൂബർ കിറ്റ് എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. .

(ബി)പ്രോജക്ട് നം - S0120/ 21( Spill Over)

സമഗ്ര പുരയിട കൃഷി

വികസനഫണ്ട് - 572000

ചെലവ് - 572000

ഗുണഭോക്താവ് 125/- രൂപ അടയ്ക്കുമ്പോൾ വിത്തും വളവും നൽകുന്നതിന് ലക്ഷ്യമിട്ട പ്രോജക്ടിൽ, VFPCK യുടെ 06.12.2019 ലെ VFPCK/ALP/017 നമ്പർ ഇൻവോയ്സ് പ്രകാരം, 180465/- രൂപ ചെലവഴിച്ച് കിറ്റൊന്നിന് 265/-രൂപ നിരക്കിൽ 681 Planting Material Tuber Kits (Chena, Chembu) വാങ്ങിയിട്ടുണ്ട്. എന്നാൽ കിറ്റിൽ കിഴങ്ങ് വർഗ്ഗം എത്ര കിലോ വീതം ഉണ്ടെന്നോ ആകെ എത്ര കിലോ വാങ്ങിയെന്നോ ഉള്ളതിന്റെ വിവരം ബില്ലിൽ ഇല്ല. വിതരണ രേഖയിലും ട്യൂബർ കിറ്റ് എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

(സി) പ്രോജക്റ്റ് നം - S0123/ 21

ജെ എൽ ജി ക്ക് പച്ചക്കറി

വികസനഫണ്ട് - 100000

തനത് ഫണ്ട്-352

മറ്റുള്ളവ -14000

ആകെ അടങ്കൽ-114352

ചെലവ് - 114351/-

ഗ്രാമപഞ്ചായത്തിലെ J L G ഗുണഭോക്താക്കൾക്ക് ചേന,ചേമ്പ്, കപ്പ, പച്ചക്കറി, കാച്ചിൽ മുതലായ ഭക്ഷ്യവിളകളുടെ നടീൽ വസ്തുക്കൾ സൗജന്യമായും വളം സബ്സിഡി നിരക്കിലും നൽകുന്നതിന് ലക്ഷ്യമിട്ട പ്രോജക്റ്റിൽ, VFPCK കൃഷി ബിസിനസ് കേന്ദ്ര യുടെ 12.11.2020 ലെ P1/20-21/279നമ്പർ ഇൻവോയ്സ് പ്രകാരം, 47152/- രൂപ ചെലവഴിച്ച് കിറ്റൊന്നിന് 421/-രൂപ നിരക്കിൽ 112, Planting Material Tuber Kits വാങ്ങിയിട്ടുണ്ട്. എന്നാൽ കിറ്റിൽ ഏതൊക്കെ കിഴങ്ങ് വർഗ്ഗമെന്നോ എത്ര കിലോ വീതം വാങ്ങിയെന്നോ ഉള്ളതിന്റെ വിവരം ബില്ലിൽ ഇല്ല. വിതരണ രേഖയിലും ട്യൂബർ കിറ്റ് എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

പ്രസ്തുത പ്രോജക്റ്റുകളിൽ കിഴങ്ങ് വർഗ്ഗം ഇനം തിരിച്ച് വാങ്ങി വിതരണം ചെയ്യാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.17/7.05.2022) മറുപടി ലഭ്യമാക്കിയില്ല. ട്യൂബർ കിറ്റിൽ ഉൾപ്പെട്ട കിഴങ്ങ് വർഗ്ഗത്തിന്റെ ഇനം, തൂക്കം മുലായവ സ്ഥാപനത്തിന്റെ ബില്ലിൽ വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ ഇവയുടെ യൂണിറ്റ് കോസ്റ്റ് പ്രകാരമാണോ തുക ഈടാക്കിയിട്ടുള്ളത് എന്ന് പരിശോധിക്കാനായില്ല.

2. കാർഷിക മേഖലാ പ്രോജക്റ്റുകൾ മോണിറ്ററിംഗ്, തുടർനടപടികൾ കാര്യക്ഷമമാകണം

ഗ്രാമപഞ്ചായത്തിൽ 2020-21വർഷം കാർഷിക മേഖലയിലെ പ്രോജക്റ്റുകൾക്കായി വന്നിട്ടുള്ള ആകെ ചെലവ് (ഗുണഭോക്തൃവിഹിതം ഒഴികെ) 2588511/-രൂപയാണ്. പ്രോജക്റ്റുകളുടെ മോണിറ്ററിംഗ്, തുടർനടപടികൾ എന്നിവ ഫയലിൽ ലഭ്യമല്ല. കാർഷിക മേഖലയിലെ ഇടപെടലുകൾ കൊണ്ട് ഉൽപ്പാദന വർദ്ധനവുണ്ടാകുന്നത് നിരീക്ഷിക്കേണ്ടതുണ്ട്. കൂടാതെ ഉല്പന്നത്തിന്റെ ന്യായവില, വിപണന സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ (സർക്കുലർ നം.ഡി.എ1/140/2020/തസ്വഭവ/3.8.20) പാലിക്കേണ്ടതാണ്.

## 1-25 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യം - അവലോകനം

ഗ്രാമപഞ്ചായത്തിൽ ആകെ 27 അങ്കണവാടികൾ ഉള്ളതിൽ 11 എണ്ണത്തിന് മാത്രമാണ് സ്വന്തം കെട്ടിടമുണ്ട്. 14 എണ്ണം വാടക കെട്ടിടത്തിലും 2 എണ്ണം വാടക രഹിത കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി സ്ഥലം ഇല്ലാത്ത അംഗൻവാടികൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും സ്വീകരിക്കേണ്ടതാണ്. എല്ലാ അങ്കണവാടികൾക്കും കുടിവെള്ള സൗകര്യം, വൈദ്യുതി, ഫുഡ് കണ്ടെയ്നർ എന്നിവയുണ്ട്. ബേബി ഫ്രണ്ട്ലി ടൊയ്‌ലറ്റ് 11 അങ്കണവാടികളിൽ ഉണ്ട്. ചുറ്റുമതിൽ ഉള്ള അങ്കണവാടികൾ 16 എണ്ണം മാത്രമാണ്. 11 എണ്ണത്തിന് ഭാഗികമായി മാത്രമാണ് ചുറ്റുമതിൽ ഉള്ളത്. ചുറ്റുമതിൽ ഇല്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നത് കുട്ടികളുടെ സുരക്ഷയ്ക്ക് ഭീഷണിയാണ്. മതിയായ സുരക്ഷയുള്ള കെട്ടിടങ്ങളിൽ മാത്രം അങ്കണവാടികൾ പ്രവർത്തിപ്പിക്കേണ്ടതാണ്. എല്ലാ അങ്കണവാടികളും ഫിറ്റ്നസ് ഉള്ള കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് അസിസ്റ്റന്റ് എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതാണ്. ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 പത്രപ്പരസ്യം- അർഹമായ ഡിസ്കൗണ്ട് അനുവദിച്ചില്ല.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന്റെ 10.12.2020-ലെ ജി.ഒ(പി) നം.02/2020 നമ്പർ ഉത്തരവിലെ 51-ാം ഖണ്ഡിക പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ ഏജൻസികൾ നല്കുന്ന പത്ര പരസ്യങ്ങൾക്ക് പരസ്യ ചാർജിനത്തിൽ 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് പറഞ്ഞിരിക്കുന്നു. ഈ ഉത്തരവിലെ നിരക്കുകൾക്കും നിർദേശങ്ങൾക്കും 2019 ഏപ്രിൽ 1 മുതൽ പ്രാബല്യം ഉണ്ടായിരിക്കുമെന്ന് ഉത്തരവിലെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം പദ്ധതി രൂപീകരണ നിർവഹണ മോണിട്ടറിംഗ് ചെലവുകൾ എന്ന പദ്ധതിയിൽപ്പെടുത്തി (പ്രോജക്ട് നം.82/2021) മാതൃഭൂമി ദിനപ്പത്രത്തിൽ നല്കിയിട്ടുള്ള പരസ്യങ്ങളുടെ പരസ്യ ചാർജിനത്തിൽ തനത് ഫണ്ടിൽ നിന്നും നല്കിയ തുകകളുടെ വൗച്ചറുകൾ പരിശോധിച്ചതിൽ ഡിസ്കൗണ്ട് ഒന്നും തന്നെ അനുവദിക്കപ്പെട്ടതായി കാണുന്നില്ല.

| സ്ഥാപനത്തിൽ നിന്നുള്ള ബിൽനം.തീ | ബിൽ തുക | അർഹമായ ഡിസ്കൗണ്ട് (15%) | ചെക്ക് നം./തീയതി |
|---|---|---|---|
| 321000022764/25.07.2020 | 10920 | 1638 | 117952 തീയതി. 15.03.2021 |
| 321000031729/28.08.2020 | 10920 | 1638 | |
| 321000044596/11.10.2020 | 10920 | 1638 | |
| 321000046405/15.10.2020 | 10920 | 1638 | |
| 321000079651/15.01.2021 | 8736 | 1310 | |
| ആകെ | 52416 | 7862 | |

*അർഹമായ ഡിസ്കൗണ്ട് അവകാശപ്പെടാതിരുന്നത് മൂലം പഞ്ചായത്ത് ഫണ്ടിന് 7862/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3 തീയതി.09.05.2022) പത്ര സ്ഥാപനത്തിന് തുക ഒടുക്കാൻ കത്ത് നല്കിയിട്ടുണ്ടെന്നറിയിച്ചു. സ്ഥാപനത്തിൽ നിന്നും തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും തുക ഈടാക്കാൻ കഴിയാത്ത പക്ഷം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടം ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.*

## 3-2 കരാറുകാരനിൽ നിന്നും നിയമാനുസൃത ഫൈൻ ഈടാക്കിയില്ല

ജി.ഒ (പി)13/2012/PWD/01-02-2012 പ്രകാരം പൊതുമരാമത്ത് മാനുവൽ 2012 ലെ സെക്ഷൻ 2112 പ്രകാരം കരാറുകാരന്റെ അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25% വരെ (പരമാവധി ആറുമാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്ന പക്ഷം 2% പിഴ ഈടാക്കണം.എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50% ൽ അധികരിക്കാൻ പാടില്ല. എന്നാൽ ചുവടെ ചേർത്തിട്ടുള്ള പ്രവർത്തിയിൽ ടി നിയമങ്ങൾക്ക് വിരുദ്ധമായി കരാറുകാരന് മുഴുവൻ തുകയും അനുവദിച്ചു നൽകി. വിശദവിവരം ചുവടെ ചേർക്കുന്നു .

1.വാർഡ് 11 ൽ അംഗൻവാടി നം. 26 ന്റെ മെയിന്റനൻസ്

പ്രൊജക്റ്റ് നം - എസ്സ് 0134/20

കരാറുകാരൻ – വിനോദ്മോൻ, പുത്തൻ വീട്, പറവൂർ, ആലപ്പുഴ.

എഗ്രിമെന്റ് നം.26/AE/LSGD/PNGP/18.03.20.

PAC-398392 /-

ബിൽ നം, തീയതി, തുക - 1) 54/20-21, 23-03-21, 55161/-

\- 2) 21/20-21/19.10.20, 298379/-

M Book –140/20-21

പൂർത്തീകരിക്കേണ്ടിയിരുന്ന തീയതി- 17.05.20

പൂർത്തീകരിച്ച തീയതി- 1.10.20

ഈടാക്കേണ്ട പിഴ -

ആദ്യ തവണ- PAC യുടെ 1% – 398392 X 1% = 3984/-(17.08.20 വരെ)

രണ്ടാം തവണ-PACയുടെ2%-398392x2%=7968x44/90(1.10.20 വരെ) = 3895/-

ആകെ ഈടാക്കേണ്ടത് –3984 + 3895 =7879/-രൂപ

ഈടാക്കിയത് - 0/-

കുറവ് – 7879/-രൂപ

ടി. പ്രവൃത്തി വൈകി പൂർത്തിയാക്കിയിട്ടും കരാറുകാരനിൽ നിന്നും നിയമാനുസൃത ഫൈൻ ഈടാക്കാത്തതിനു കാരണം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കോവിഡ് വ്യാപനം മൂലമാണ് പ്രവൃത്തി പൂർത്തിയാക്കാൻ താമസം നേരിട്ടതെന്നും ആയതിനാൽ 14.06.21 ലെ 1(4) നം. പഞ്ചായത്തു കമ്മിറ്റി തീരുമാനപ്രകാരമാണ് പിഴ ഒഴിവാക്കിക്കൊടുത്തതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഈ കാലയളവിൽ കരാറുകാരനിൽ നിന്നും നിയമാനുസൃതപിഴ ഒഴിവാക്കിക്കൊടുക്കുന്നതിന് സർക്കാർ ഉത്തരവ് പ്രാബല്യത്തിൽ ഇല്ലാതിരുന്നതിനാൽ ടി. മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ മേൽ സൂചിപ്പിച്ച പ്രവൃത്തി വൈകിയതു സംബന്ധിച്ചുള്ള നിയമാനുസൃതപിഴയായ 7879 രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത

പക്ഷം ടി. തുക അസി. എൻജിനീയർ, 14.06.21 ലെ 1(4) നം. പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്ത കമ്മിറ്റിയംഗങ്ങൾ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 മെറ്റീരിയൽസ് സപ്ളൈ ചെയ്ത കരാറുകാരനിൽ നിന്നും ആദായനികുതി ഈടാക്കിയില്ല.കേന്ദ്രസർക്കാരിനു നഷ്ടം.

തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി ചെയ്ത പ്രവൃത്തികൾക്ക് സാമഗ്രികൾ സപ്ളൈ ചെയ്ത കരാറുകാർക്ക് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട 1% ആദായ നികുതി (ആദായ നികുതി നിയമം 194 C) ഈടാക്കിയില്ല. സാധനങ്ങൾ സപ്ളൈ ചെയ്തതിന് 2808142/- രൂപ കരാറുകാർക്ക് നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ഈടാക്കേണ്ട ആദായനികുതി 28081/- രൂപ ടി തുക കരാറുകാരിൽ നിന്നും ഈടാക്കിയിട്ടില്ല.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | സാധന വിലയിനത്തിൽ അനുവദിച്ച തുക | ഈടാക്കേണ്ട ആദായ നികുതി (1%) | ഫണ്ട് കൈമാറ്റം ചെയ്ത തീയതി - |
|---|---|---|---|---|---|
| 1 | 9-ാം വാർഡ് നമ്പയ്ക്കാവെളി തോടിന്റെ ഇരുവശവും കല്ലുകെട്ടി സംരക്ഷണം. MBook No -252/19-20) | ശ്രീ. ജിജു പൊന്നപ്പൻ. | 159958 | 1599 (FTO-844915) | 10.03.21 |
| 2 | മുന്നൂറ്റാം പാടശേഖരത്തിലെ വടക്കേ ബണ്ട് കല്ലുകെട്ടി സംരക്ഷണം( വാർഡ്-5) MBook No -15/20-21) | ശ്രീ. ജിജു പൊന്നപ്പൻ. | 226391(FTO No- 950047) | 2264 | 29.03.21 |
| 3 | 9-ാം വാർഡ് നമ്പയ്ക്കാവെളി തോടിന്റെ ഇരുവശവും കല്ലുകെട്ടി സംരക്ഷണം. MBook No -269/19-20) | ശ്രീ. ജിജു പൊന്നപ്പൻ. | 138452(FTO No- 880525) | 1385 | 17.03.21 |
| 4 | ഗ്ലക്കോസാമിൻ ഫോക്ടറിക്ക് തെക്കുവശമുള്ള കരപ്പാടം കല്ലുകെട്ടി സംരക്ഷണം. .MBook No -251/19-20) | ശ്രീ. ജിജു പൊന്നപ്പൻ. | 134520 (FTO No- 880549 ) | 1345/-(17.03.21) | |
| | | ആകെ | 659321 | 6593 | |

ആദായനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 18/17.05.22/20-21) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി തുക ബന്ധപ്പെട്ട കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം സെക്രട്ടറി, തൊഴിലുറപ്പ് പദ്ധതി അക്രഡിറ്റഡ് എൻജിനീയർ എന്നിവരിൽ നിന്നും ഈടാക്കി ആദായനികുതി വകുപ്പിൽ ഒടുക്കി ആയതിന്റെ രേഖകൾ പരിശോധനയ്ക്ക്

ഹാജരാക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 400000 | ലൈഫ് ഭവനനിർമ്മാണം | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് ) | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | | 140000 | അങ്കണവാടി പൂരക പോഷകാഹാരം | 140000 | 0 |
| ആകെ | | 740000 | | 740000 | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 100000 | അങ്കണവാടി പൂരക പോഷകാഹാരം | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | | 2363922 | ബഡ്സ് സ്കൂൾ അനുബന്ധ കെട്ടിട നിർമ്മാണം | 2363922 | 0 |
| | | 450000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 450000 | 0 |
| | | 359948 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്(Spill Over) | 359948 | |
| | | 150000 | പാലിന് സബ്സിഡി | 150000 | 0 |
| ആകെ | | 3423870 | | 3423870 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ-പ്രോജക്ട് നം.94/21 | 22000133 | 499760 | 0 | 499760 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് നമ്പർ/തിയ്യതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|

| ഉദ്ദേശ്യം | | | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ലൈഫ് ഭവനപദ്ധതി | ജി.ഒ.എം.എസ്.2278/ത സ്വ ഭ വ തീയതി.18.08.2018 | 0 | 19429412 | 1697412 | | 17732000 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 11477798 |
| തൻവർഷം നിക്ഷേപിച്ച തുക | 516674 |
| ആകെ | 11994472 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 11994472 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | എസ്.ബി.ഐ | | | 905987 | |
| 2 | കാനറ ബാങ്ക് | | | 11088485 | |
| ആകെ | | | | 11994472 | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 82415582 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 83672064 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | *7862* |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 110581 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
|---|---|---|---|
| 3-1 | | *7862* | ശ്രീ. വി.ജെ. പോൾ, സെക്രട്ടറി |
| ആകെ | | *7862* | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 110581 | ശ്രീ. വി.ജെ. പോൾ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക | സർക്കാർ/മറ്റ് സ്ഥാപനങ്ങൾ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-3 | 6593 | (കേന്ദ്ര സർക്കാറിനുണ്ടായ നഷ്ടം) | 1. ശ്രീ. ജെനിമോൻ.എസ്, സെക്രട്ടറി.<br>2.ശ്രീ.ശബരി കൃഷ്ണൻ, അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ് |
| | | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. വി.ജെ. പോൾ, സെക്രട്ടറി | പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ, പി.എ.യു-2 | വട്ടത്തിൽ, വട്ടയാൽ, തിരുവമ്പാടി പി.ഒ, ആലപ്പുഴ |
| ശ്രീമതി. ഷീജ.എൻ. അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്. | കാരാത്ര, തോട്ടപ്പള്ളി, തോട്ടപ്പള്ളി.പി.ഒ, ആലപ്പുഴ. |
| ശ്രീ.ശബരി കൃഷ്ണൻ അക്രഡിറ്റഡ് എഞ്ചിനീയർ | അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ് | കിളിയാട്ട് ഹൌസ്, പുന്നപ്ര വടക്ക് പി.ഒ. ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | |
|---|---|
| 002-2003 | എൽ.എഫ്.എ5/1832/11, 23.01.2012 |
| 2003-04 | എൽ.എഫ്.എ5/1832/11, 23.01.2012 |
| 2004-05 | എൽ.എഫ്.എ5/1832/11, 23.01.2012 |
| 2005-06 | എൽ.എഫ്.എ5/1832/11, 23.01.2012 |
| 2006-07 | എൽ.എഫ്.എ9/1287/2008, 17.07.2009/11.09.2009 |
| 2007-08 | എൽ.എഫ്.എ9/1288/2009, 17.04.2010/17.06.2011 |
| 2008-09 | എൽ.എഫ്.പി4/1307/2010, 27.04.2011/30.04.2011 |
| 2009-10 | എൽ.എഫ്.പി4/ 1308/2010, 27.04.2011/30.04.2011 |
| 2010-11 | എൽ.എഫ്.പി 8 /231/2012, 09.08.2012/ 22.09.2012 |
| 2011-12,2012-13 | എൽ.എഫ്.പി 8/995/2013, 17.02.14/09.04.14 |

| | |
|---|---|
| 2013-14 | എൽ.എഫ്.പി8/1509/2014, 21.10.14/06.01.15 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി8-850/16, 1/8/2016 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി8 40/17, 19/1/17 – 2/2/17 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി8-1174/17, തീയതി – 19.09.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി8-311/19, തീയതി – 16.05.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി8-237/2020 തീയതി : 09.06.2020 |
| 2019-20 | കെ.എസ്.എ-എ.എൽ.പി/പി8- 341/2021/8.04.21 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്